## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 997 — 28.04.2017 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലെ വില്ലേജ് ഓഫീസുകൾ വഴി ഗവൺമെന്റിലേക്ക് ഒടുക്കുന്ന എല്ലാ ഫീസുകളും നികുതികളും ഇ-പേയ്മെന്റിലൂടെ ഒടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക. റവന്യൂ വകുപ്പ് സ്വീകരിക്കുന്ന എല്ലാ വിധ നികുതികളും ഫീസുകളും ഓൺലൈനായി വില്ലേജ് ഓഫീസ് മുഖേനയോ നേരിട്ടോ ഈ സംവിധാനം വഴി സ്വീകരിക്കാനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. |
| (ബി) | വില്ലേജ് ഓഫീസുകളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. നിലവിൽ 1167 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ( ബി.റ്റി.ആർ) ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഇ — പെയ്മെന്റ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |

(സി) ഇതിനാവശ്യമായ കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യമായ അളവിൽ വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**(സി)** ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള ഡാറ്റ എൻട്രി പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നത് അക്ഷയ മുതലായ ഏജൻസികളെയാണ്. ആയതിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സംഘടിപ്പിക്കേണ്ടത് ടി ഏജൻസികളുടെ തന്നെ ഉത്തരവാദിത്വമാണ്.

ഇ – ഡിസ്ട്രിക്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകൾക്കും രണ്ട് ലാപ് ടോപ് കമ്പ്യൂട്ടറുകൾ വീതം ഐ.റ്റി. മിഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവ് ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ ടി ലാപ് ടോപ്പുകൾ ആയതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിൽ (DILRMP) നിന്നുമുള്ള ഫണ്ട് ഉപയോഗിച്ചും വില്ലേജ് ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ